# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. **3054**

07/02/2018-ൽ
മറുപടിയ്ക്ക്

## ഗസ്റ്റ് ലക്ചറർമാരുടെ ശമ്പളപരിഷ്കരണം

**ചോദ്യം**

ശ്രീ.എ.പി.അനിൽ കുമാർ :

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാരുടെ ശമ്പളം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) & (സി) | സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് യു.ജി.സി നിഷ്കർഷിക്കുന്ന വിദ്യാഭ്യാസ യോഗ്യത (നെറ്റ്/പി.എച്ച്.ഡി) നേടിയവർക്ക് മണിക്കൂറിൽ 500 രൂപ നിരക്കിലും അല്ലാത്തവർക്ക് 300 രൂപ നിരക്കിലുമാണ് നിലവിൽ പ്രതിഫലം നല്കുന്നത്. ജി.ഒ(പി) നമ്പർ 56/2017/ഫിൻ തീയതി 28.04.2017 പ്രകാരം ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് ദിവസവേതനമായി 1470/- രൂപ അനുവദനീയമാണെങ്കിലും അതിഥി അധ്യാപകരായി നിയമിക്കപ്പെടുന്നവർക്ക് പ്രസ്തുത ഉത്തരവ് അനുസരിച്ച് പ്രതിഫലം നല്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ഗസ്റ്റ് ലക്ചറർമാരുടെ വേതനം മണിക്കൂറിൽ നിശ്ചിത തുകയായി വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | ഇവരുടെ ശമ്പളം 2016 ജൂൺ മാസം മുതലുള്ള മുൻകാല പ്രാബല്യത്തോടെ പുതുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |
| (ബി) | ശമ്പളം പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2018 ജനവരി 25 മുതൽ ക്ലാസുകൾ ബഹിഷ്കരിച്ച് പ്രസ്തുത അദ്ധ്യാപകർ സമരം പ്രഖ്യാപിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ